# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2022 ജനുവരി 21

# വാർത്താക്കുറിപ്പ്

## പ്രൊഫ. എം. കെ. പ്രസാദ് അനുസ്മരണം

പ്രകൃതി സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുള്ള സുസ്ഥിര വികസനം എന്ന ലക്ഷ്യത്തിനായി അഹോരാത്രം പ്രവർത്തിച്ച പരിസ്ഥിതി പ്രവർത്തകനും, പ്രഭാഷകനും, സസ്യ ശാസ്ത്രജ്ഞനുമായിരുന്ന അന്തരിച്ച പ്രൊഫ. എം.കെ. പ്രസാദെന്ന് മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ ഓൺലൈനായി സംഘടിപ്പിച്ച പ്രൊഫ. എം.കെ. പ്രസാദ് അനുസ്മരണ സമ്മേളനത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഇന്ത്യയിലെ പൊതു സമൂഹത്തിനും പ്രകൃതി സംരക്ഷണ പ്രവർത്തകർക്കും അദ്ദേഹത്തിന്റെ വിയോഗം ഒരു തീരാനഷ്ടമാണെന്നും പ്രൊഫ. സാബു തോമസ് പറഞ്ഞു. സൈലന്റ് വാലി സംരക്ഷണ യജ്ഞത്തിൽ അദ്ദേഹം മുൻനിരയിൽ നിന്ന് നയിച്ച പ്രചരണ പ്രവർത്തനങ്ങളാണ് പിൽക്കാലത്ത് പാരമ്പര്യേതര ഊർജ്ജോത്പാദനത്തിന് കേരളത്തിൽ വഴികൾ തുറന്നതെന്നും അദ്ദേഹം അനുസ്മരിച്ചു. ഓൺലൈനായി സംഘടിപ്പിച്ച പരിപാടിയിൽ എം.ജി. സർവ്വകലാശാല പരിസ്ഥിതി വകുപ്പ് ഡയറക്ടർ ഡോ. കെ.ആർ. ബൈജു അനുശോചന പ്രമേയം അവതരിപ്പിച്ചു. സർവ്വകലാശാല പ്രൊ വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, എ.സി.ഇ.എസ്.എസ്.ഡി ഡയറക്ടർ പ്രൊഫ. എ.പി. തോമസ് എന്നിവർ പ്രൊഫ. എം.കെ. പ്രസാദിനൊപ്പമുള്ള പ്രവർത്തനങ്ങളുടെ സ്മരണകൾ പങ്കു വെച്ചു. വിഷ്ണു ശ്രീജിത്ത്, മേഘ നായർ എന്നിവർ സ്മരണാഞ്ജലികളും അർപ്പിച്ചു. പ്രൊഫ. ഇ.വി. രാമസ്വാമി സ്വാഗതവും ഡോ. സൈലസ് നന്ദിയും പറഞ്ഞു.

(പി.ആർ.ഒ./39/101/2022)

## നാടകോത്സവം - ഫെബ്രുവരി 10, 11 തീയതികളിൽ

മഹാത്മാഗാന്ധി സർവ്വകലാശാല വിദ്യാർത്ഥി യൂണിയന്റെ ആഭിമുഖ്യത്തിലുള്ള നാടകോത്സവം ഫെബ്രുവരി 10, 11 തീയതികളിൽ സർവ്വകലാശാല കാമ്പസ് ഗ്രൗണ്ടിൽ നടക്കും. പങ്കെടുക്കാനാഗ്രഹിക്കുന്ന കോളേജുകൾ നാടകത്തിന്റെ സിനോപ്സിന്റെ മൂന്ന് വീതം കോപ്പികൾ പ്രിൻസിപ്പലിന്റെ കത്ത് സഹിതം ജനുവരി 31 ന് മുമ്പ് നേരിട്ടോ തപാൽ മുഖേനയോ സർവ്വകലാശാല വിദ്യാർത്ഥി യൂണിയൻ ഓഫീസിൽ ലഭ്യമാക്കണമെന്ന് സ്റ്റുഡന്റ് സർവ്വീസസ് ഡയറക്ടർ അറിയിച്ചു.

(പി.ആർ.ഒ./39/102/2022)

## പരീക്ഷാ തീയതി

ആറാം സെമസ്റ്റർ ബി.ടെക്ക് (2015, 2016 അഡ്മിഷൻ - സപ്ലിമെന്ററി/ 2017 അഡ്മിഷൻ - സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്) പരീക്ഷകൾ ജനുവരി 28 ന് തുടങ്ങും. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/103/2022)

## പരീക്ഷാ ഫലം

2021 സെപ്റ്റംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എച്ച്.ആർ.എം. (പുതിയ സ്കീം - 2019 അഡ്മിഷൻ - റെഗുലർ/ 2018 അഡ്മിഷൻ - സപ്ലിമെന്ററി), (പഴയ സ്കീം - 2016, 2017 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനഃപരിശോധനയ്ക്കും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ വീതം ഫീസടച്ച് ഫെബ്രുവരി നാല് വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/104/2022)

2021 ഡിസംബറിൽ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് സയൻസസ് നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ - ഫിസിക്സ് (സയൻസ് ഫാക്കൽറ്റി, 2019 അഡ്മിഷൻ - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/105/2022)

2021 ഏപ്രിലിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ് നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ. (മാനേജ്മെന്റ് സയൻസസ് ഫാക്കൽറ്റി, 2020 അഡ്മിഷൻ - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസദ്ധീകരിച്ചു.

(പി.ആർ.ഒ./39/106/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2022 ജനുവരി 21

# വാർത്താക്കുറിപ്പ്

## പരീക്ഷ: വിദ്യാർത്ഥികൾക്ക് ആശങ്ക വേണ്ടെന്ന് എം.ജി.

കോവിഡ് - 19 രോഗബാധ യുടെയോ കോവിഡ് നിയന്ത്രണങ്ങളുടേയോ ഫലമായി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന അഞ്ചാം സെമിസ്റ്റർ ബിരുദ പരീക്ഷകളും രണ്ടാം സെമസ്റ്റർ ബിരുദാനന്തര - ബിരുദ പരീക്ഷകളും എഴുതാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് പിന്നീട് ആദ്യ അവസരമായിത്തന്നെ പരീക്ഷയെഴുതാൻ കഴിയുമെന്നും ഇക്കാര്യത്തിൽ വിദ്യാർത്ഥികൾക്ക് ആശങ്ക വേണ്ടെന്നും സർവ്വകലാശാല പത്രക്കുറിപ്പിൽ അറിയിച്ചു. ഇതിനായി കോവിഡ് രോഗബാധ/ നിയന്ത്രണം സംബന്ധിച്ച രേഖകൾ ഹാജരാക്കിയാൽ മതിയാകും.

ബിരുദ പ്രോഗ്രാമുകളുടെ അഞ്ചാം സെമിസ്റ്ററിന് ഒരു സ്പെഷ്യൽ സപ്ലിമെൻ്ററി പരീക്ഷ സർവ്വകലാശാല എല്ലാ വർഷവും നടത്തുന്നതാണ്. നിലവിലെ കൊവിഡ് സാഹചര്യങ്ങൾ മൂലം അഞ്ചാം സെമിസ്റ്റർ ബിരുദ പരീക്ഷ എഴുതുവാൻ കഴിയാത്തവർക്ക് സ്പെഷ്യൽ സപ്ലിമെൻ്ററി പരീക്ഷ ആദ്യ അവസരമായി തന്നെ എഴുതാവുന്നതാണ്. അതുപോലെ മെയ് മാസം അവസാന വാരത്തിൽ 2021 അഡ്മിഷൻ ബിരുദാനന്തര - ബിരുദ വിദ്യാർത്ഥികളുടെ രണ്ടാം സെമിസ്റ്റർ പരീക്ഷ നടത്തുവാനും സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ നടക്കുന്ന രണ്ടാം സെമിസ്റ്റർ ബിരുദാന്തര - ബിരുദ പരീക്ഷകൾ കൊവിഡ് പ്രശ്നങ്ങൾ മൂലം എഴുതുവാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക്

ഈ പരീക്ഷ ഒന്നാമത്തെ അവസരമായി തന്നെ എഴുതാൻ അവസരമുണ്ടാകും. ബിരുദ, ബിരുദാനന്തര - ബിരുദ പ്രോഗ്രാമുകളെ സെമസ്റ്റർ സമയ ക്രമത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിനും സമയബന്ധിതമായി ഇവയുടെ പരീക്ഷാ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ യഥാസമയം വിതരണം ചെയ്യുന്നതിനും ഉദ്ദേശിച്ചു മാത്രമാണ് സർവ്വകലാശാല പരീക്ഷാ സമയക്രമം മാറ്റമില്ലാതെ തുടരുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്നും പത്രക്കുറിപ്പിൽ പറയുന്നു.

(പി.ആർ.ഒ./39/107/2022)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ